# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 893** | **30.06.11-ൽ മറുപടിക്ക്**

## <u>തൈക്കാട്-ചെങ്ങന്നൂർ എം.സി റോഡിലെ പ്രവൃത്തികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീമതി പി. അയിഷാ പോറ്റി :** | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) | കെ.എസ്.റ്റി.പി. പ്രകാരമുള്ള എം.സി റോഡ് നവീകരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലാത്ത പക്ഷം അവശേഷിക്കുന്ന പ്രവർത്തികൾ എന്തെല്ലാമാണ്; | (എ) | കെ.എസ്.ടി.പി ഒന്നാംഘട്ട പദ്ധതി പ്രകാരമുള്ള നവീകരണ പ്രവൃത്തികൾ ഒട്ടുമുക്കാലും പൂർത്തീകരിച്ചു കഴിഞ്ഞു. അവശേഷിക്കുന്ന ഓടകളുടെ നിർമ്മാണം, ഫുട്ട് പാത്തുകളുടെ നിർമ്മാണം എന്നിവ 2011 ജൂലൈ മാസം അവസാനത്തോടെ പൂർത്തീകരിയ്ക്കുന്നതാണ്. ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള എം.സി റോഡിന്റെ നവീകരണ പ്രവൃത്തികൾ കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന്റെ മേൽനോട്ടം ഇപ്പോൾ ആരാണ് നടത്തുന്നത് ; | (ബി) | കെ.എസ്.ടി.പി ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടം കെ.എസ്.ടി.പി-യ്ക്കു വേണ്ടി Egis BCEOM എന്ന കൺസൾട്ടൻസി സ്ഥാപനമാണ് വഹിക്കുന്നത്. |
| (സി) | പദ്ധതി പ്രകാരം എം.സി റോഡിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി വിളക്കുകൾ നാളിതുവരെ തെളിയിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | ഇതിനുള്ള വൈദ്യുതി ചാർജ്ജ് നൽകേണ്ടത് ആരാണ് ; | (ഡി) | അതാതു പ്രദേശത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. |
| (ഇ) | വൈദ്യുതി വകുപ്പുമായി ചേർന്ന് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനായി പ്രത്യേക സംവിധാനം ഉണ്ടാക്കുമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ